**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1547** **15-03-2022 - ൽ മറുപടിയ്ക്ക്**

**കൃഷി വകുപ്പിൽ ഡിജിറ്റൽവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. ആന്റണി ജോൺ,<br>ശ്രീ. എ. രാജ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ | | null<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ ഘടനയിലും പ്രവർത്തന രീതിയിലും സമഗ്ര മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട് |
| (ബി) | റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പിന്റെ ഘടനയിൽ വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | സി.എസ്. ഡാറ്റമേഷൻ റിസേർച്ച് സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തെ പഠനം നടത്തുന്നതിനായി മത്സരാടിസ്ഥാനത്തിലുള്ള ടെൻഡർ ക്ഷണിച്ച് കൃഷി വകുപ്പ് ഡയറക്ടർ ചുമതലപ്പെടുത്തുകയും അന്തിമ റിപ്പോർട്ട് ടി സ്ഥാപനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കൃഷി വകുപ്പിൽ ഡിജിറ്റൽവൽക്കരണം നടത്തുവാൻ ആലോചിക്കുന്നുണ്ടോ; ഇതിലൂടെ വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുമോ; വ്യക്തമാക്കുമോ? | (സി) | കൃഷിവകുപ്പിൽ ഘട്ടം ഘട്ടമായി ഡിജിറ്റൽ വത്കരണം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടത്തിൽ e -ഓഫീസ് സംവിധാനം ഡയറക്ട റേറ്റ്, ജില്ലാ ഓഫീസുകൾ എന്നിവിട ങ്ങളിൽ ഏർപ്പെടുത്തി വരുന്നു . നാഷണൽ ഇ-ഗവേണൻസ് പ്ലാൻ (കൃഷി) [NeGP-A] യുടെ ഭാഗമായികേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ബ്ലോക്ക്, പഞ്ചായത്ത്/കൃഷിഭവൻ തലങ്ങളിൽ കമ്പ്യൂട്ടർ, ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. NeGP-A പദ്ധതിയുടെ ഭാഗ മായി ഫാർമേഴ്സ് പോർട്ടൽ സംവി ധാനവും മൊബൈൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി കർഷകർ ക്കുള്ള വിള പരിപാലന നിർദ്ദേശങ്ങൾ, കാലാവസ്ഥ മുന്നറിയിപ്പുകൾ, എന്നിവ ലഭ്യമാകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കർഷകർക്കുള്ള വിവിധ അറിയിപ്പുകളും സേവനങ്ങളും ലഭ്യമാക്കുന്നതിന് krishi.info എന്ന പോർട്ടലും കാൾ സെൻറർ സംവിധാ നവും നടപ്പിലാക്കിയിട്ടുണ്ട്. കർഷകർക്ക് വിവിധ പദ്ധതികൾ വഴിയും അല്ലാതെയുമുള്ള സേവനങ്ങൾ സുതാര്യമായും കാര്യക്ഷമ മായും നൽകുന്നതിനായി അഗ്രിക്കൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം |

| | | | |
|---|---|---|---|
| | | | (AIMS) എന്ന സമഗ്ര മാനേ ജ്മെന്റ് പോർട്ടൽ NIC കേരളയുടെ സഹായത്തോട്ടു കൂടി വികസിപ്പിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 4 പദ്ധതികളിലായി കർഷ കർക്ക് താഴെ പറയുന്ന സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആയി നൽകി വരുന്നു. 1)പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരമുള്ള നഷ്ടപരി ഹാരം 2)സംസ്ഥാന സർക്കാരിന്റെപുനരാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വവും പോളിസിയും നൽകൽ 3)സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർക്ക് നഷ്ടപരിഹാര വിതരണം 4)നെൽ കൃഷി യോഗ്യമായ നിലത്തിന്റെഉടമകൾക്കുള്ള റോയൽറ്റി ആനുകൂല്യം 5)കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതി വഴിയുള്ള ആനുകൂല്യം അപേക്ഷ മുതൽ ആനുകൂല്യം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗ ണ്ടിൽ നൽകുന്ന കേന്ദ്രീകൃത DBT സംവിധാനം വരെ പൂർണ്ണമായും ഓൺ ലൈനായാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. കൃഷിവകുപ്പിന്റെ ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, ഫയൽ നടപടിക്രമങ്ങൾ സുതാര്യ മായും കാര്യക്ഷമമായും നിർവഹിക്കുന്ന തിനും 152 കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിൽ കൂടി ഇ-ഓഫീസ് സംവിധാനം വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു . റീ ബിൽഡ് കേരളാ ഇനി ഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിഭവൻ വരെയുള്ള ഓഫിസുകളിൽ ലാപ്ടോപ്പുകളും, പ്രിന്ററുകളും നല്കുകയു ണ്ടായി. കൃഷി ഡയറക്ടറേറ്റിൽ ഒരു വീഡിയോ കോൺഫറൻസിംഗ്/ വിർച്ചൽ ക്ലാസ്സ്റൂം സംവിധാനം 2019 ഡിസംബർ മുതൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ